തിരുവനന്തപുരത്തെ സ്പെയ്സ് സെന്റർ എംപ്ലോയീസ് സഹകരണ സംഘത്തിലെ ജീവനക്കാരുടെ ശമ്പളം

93 [2745] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ സ്പെയ്സ് സെന്റർ എംപ്ലോയീസ് സഹകരണ സംഘത്തിലെ ജീവനക്കാരിൽ ചിലർക്ക് അനുവദനീയമായതിൽ കൂടുതൽ ശമ്പളം നൽകിയതായി സഹകരണ വകുപ്പിൽ നിന്ന് നിയോഗിച്ച ഉദ്യോഗസ്ഥർ കണ്ടെത്തിയോ; ഇത് ഓഡിറ്റ് ഒബ്ജക്ഷനായി പ്രസ്തുത സംഘത്തെ അറിയിച്ചിട്ടുണ്ടോ;

(ബി) ജീവനക്കാർക്ക് അനുവദനീയമായതിൽ കൂടുതൽ കൊടുത്ത തുക തിരിച്ച് ഈടാക്കുവാൻ നടപടിയെടുത്തുവോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കാമോ;

(സി) ഇവർക്ക് കൂടുതലായി നൽകിയ തുക തിരിച്ചുപിടിക്കുമോ;

(ഡി) പ്രസ്തുത സഹകരണസംഘത്തിന്റെ അക്കൗണ്ടന്റിന്റെ ശമ്പള ഫിക്സേഷൻ തെറ്റാണെന്നും അർഹമായതിൽ കുറഞ്ഞ തുകയാണ് ഫിക്സ് ചെയ്തതെന്നും സഹകരണ ഉദ്യോഗസ്ഥർ കണ്ടെത്തിയോ;

(ഇ) ഈ തെറ്റ് തിരുത്തണമെന്ന് സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടുവോ;

(എഫ്) എങ്കിൽ ഇക്കാര്യത്തിലുള്ള തെറ്റ് തിരുത്തിയോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ജി) പ്രസ്തുത സംഘത്തിലെ അക്കൗണ്ടന്റിന്റെ ശമ്പളം റീ ഫിക്സ് ചെയ്ത് കുറ്റമറ്റതാക്കുവാനും കുടിശ്ശിക സഹിതമുള്ള ആനുകൂല്യങ്ങൾ നൽകാനും നടപടിയെടുക്കുമോ?

ഉത്തരം

(എ) സംഘത്തിലെ ജീവനക്കാർക്ക് അനുവദനീയമായതിൽ കൂടുതൽ ശമ്പളം നൽകിയിരുന്നതായി സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർ കണ്ടെത്തിയിട്ടുണ്ട്. സംഘത്തിൽ ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ ഇക്കാര്യം ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

(ബി, സി) ജീവനക്കാർക്ക് അനുവദനീയമായതിൽ കൂടുതൽ കൊടുത്ത തുക തിരിച്ചുപിടിക്കുന്നതിന് സംഘത്തിന് സഹകരണസംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി—എഫ്) സംഘത്തിൽ നിലവിലുള്ള അക്കൗണ്ടന്റുമാരിൽ ചിലരുടെ ശമ്പള ഫിക്സേഷൻ തെറ്റാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയത് ഇപ്പോൾ തിരുത്തിയിട്ടുള്ളതായി സംഘം സഹകരണസംഘം രജിസ്ട്രാറെ അറിയിച്ചിട്ടുണ്ട്.

(ജി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly